"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ പദ്ധതിക്കായി ഹഡ്കോയിൽ നിന്നും കെ.യു.ആർ.ഡി.എഫ്.സി മുഖാന്തിരം എടുത്ത വായ്പയുടെ 2024-25 സാമ്പത്തിക വർഷത്തെ രണ്ടാം ഗഡു ത്രൈമാസ പലിശ ഒടുക്കുന്നതിന് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി ഇ) വകുപ്പ്

സ.ഉ.(സാധാ) നം.1552/2024/LSGD തീയതി,തിരുവനന്തപുരം, 20-08-2024

---

പരാമർശം:- 1. സ.ഉ.(സാധാ) നം.899/2024/തസ്വഭവ തീയതി 23-05-2024

2. കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടറുടെ 06.08.2024 ലെ കെയുആർ.ഡി.എഫ്സി/എ2/289/2018/VII നമ്പർ കത്ത്

3. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 06.08.2024 ലെ എൽ എം./1266/ഫിൻ/22 നമ്പർ കത്ത്.

ഉത്തരവ്

ലൈഫ് മിഷൻ പദ്ധതിക്കായി ഹഡ്കോയിൽ നിന്നും കെ.യു.ആർ.ഡി. എഫ്. സി മുഖാന്തിരം എടുത്ത വായ്പയുടെ പലിശ ഒടുക്കുന്നതിനായി 2024-25 സാമ്പത്തിക വർഷം റൂറൽ സെക്ടറിൽ 2515-00-102-30 (പി) ശീർഷകത്തിൽ 236.26 കോടി രൂപയും അർബൻ സെക്ടറിൽ 2217-80-800-62 (പി) ശീർഷകത്തിൽ 69.42 കോടി രൂപയും ബജറ്റ് വിഹിതമായി അനുവദിച്ചിരുന്നു. പ്രസ്തുത തുകയിൽ നിന്ന് 2024-25 വർഷത്തെ രണ്ടാം ഗഡു ത്രൈമാസ പലിശ ഒടുക്കുന്നതിനായി കെ.യു.ആർ.ഡി.എഫ്സി-യുടെ റൂറൽ സെക്ടർ അക്കൗണ്ടിലേക്ക് 64,23,79,692 രൂപയും അർബൻ സെക്ടർ അക്കൗണ്ടിലേക്ക് 16,73,05,407 രൂപയും ഉൾപ്പെടെ ആകെ 80,96,85,099 രൂപ ( എൺപത് കോടി തൊണ്ണൂറ്റിയാറ് ലക്ഷത്തി എൺപ്പത്തി അയ്യായിരത്തി തൊണ്ണൂറ്റിയൊമ്പത് രൂപ മാത്രം) ബന്ധപ്പെട്ട ബജറ്റ് ശീർഷകങ്ങളിൽ നിന്നും കെ.യു.ആർ.ഡി.എഫ്.സി-യുടെ അക്കൗണ്ടിലേക്ക് താഴെ പറയും പ്രകാരം ലഭ്യമാക്കുന്നതിനായി കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടർ പരാമർശം -2 പ്രകാരം സമർപ്പിച്ച പ്രൊപ്പോസൽ പരാമർശം 3 പ്രകാരം ലൈഫ് മിഷൻ ശുപാർശ ചെയ്ത് സർക്കാരിലേക്ക് ലഭ്യമാക്കുകയുണ്ടായി.

| | |
|---|---|
| Name of Beneficiary | Kerala Urban and Rural Development Finance Corporation Ltd. |

| | | |
|---|---|---|
| Name of Beneficiary | | |
| Bank | State Bank of India | |
| Branch | Vazhuthacaud | |
| IFS Code | SBIN0070033 | |
| Details of Amount crediting for Rural Sectors | Account No | Amount in Rs |
| | 37920881126 — Rural Out | 41,35,74,130 |
| | 40847078873 — Rural Out New | 22,88,05,562 |
| Details of Amount crediting for Urban | 37922795767 — Urban Out | 15,77,94,035 |
| | 40981996254 -Urban Out New | 95,11,372 |
| | Total | 80,96,85,099 |

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലൈഫ് മിഷൻ പദ്ധതിക്കു വേണ്ടി കേരള അർബൻ ആൻഡ് റൂറൽ ഫിനാൻസ് ഡെവലപ്മെന്റ് കോർപറേഷൻ ലിമിറ്റഡ് (കെ യു ആർ ഡി എഫ് സി ) മുഖാന്തിരം ഹഡ്കോ യിൽ നിന്നും എടുത്ത വായ്പയുടെ 2024-25 സാമ്പത്തിക വർഷത്തെ രണ്ടാം ഗഡു ത്രൈമാസ പലിശ തുക ഒടുക്കുന്നതിനായി റൂറൽ സെക്ടറിൽ 2515-00-102-30 (pv) എന്ന ശീർഷകത്തിൽ നിന്നും കെ.യു.ആർ.ഡി.എഫ്.സി- യുടെ റൂറൽ അക്കൗണ്ടിൽ (37920881126 — Rural Out ) 41, 35,74,130 രൂപയും, റൂറൽ ന്യൂ അക്കൗണ്ടിൽ (40847078873 — Rural Out New) 22,88,05,562 രൂപയും ചേർത്ത് ആകെ 64,23,79,692 രൂപയും (അറുപത്തി നാല് കോടി ഇരുപ്പത്തിമൂന്ന ലക്ഷത്തി എഴുപത്തൊമ്പതിനായിരത്തി അറുനൂറ്റി തൊണ്ണൂറ്റി രണ്ട് രൂപ മാത്രം), അർബൻ സെക്ടറിൽ 2217-80-800-62 (pv) അർബൻ ശീർഷകത്തിൽ നിന്നും കെ.യു.ആർ. ഡി.എഫ്. സിയുടെ അർബൻ അക്കൗണ്ടിൽ (37922795767 — Urban Out) 15,77,94,035 രൂപയും അർബൻ ന്യൂ അക്കൗണ്ടിൽ (40981996254 -Urban Out New) 95,11,372 രൂപയും ചേർത്ത് ആകെ 16,73,05,407 രൂപയും (പതിനാറ് കോടി എഴുപത്തിമൂന്ന് ലക്ഷത്തി അയ്യായിരത്തി നാനൂറ്റി ഏഴ് രൂപ മാത്രം) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം
റീജിയണൽ ചീഫ്, ഹഡ്‌കോ, സാഫല്യം കോംപ്ലക്സ്, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കെ.യു. ആർ.ഡി.എഫ്.സി, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ , തിരുവനന്തപുരം

ധനകാര്യ ( വനിത ശിശു വികസനം ) വകുപ്പ്. ( WCD-3/91/2024-FIN പ്രകാരം )
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ , ഐ&പി. ആർ.ഡി, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ